LIBRARY ARCHIVES Kerala Legislative Assembly

പുതിയ വൈദ്യുതോൽപ്പാദന പദ്ധതികൾ

13 (358) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതോൽപ്പാദനത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) നിലവിലുണ്ടായിരുന്ന വൈദ്യുത പദ്ധതികളുടെ ഉത്പാദനശേഷി വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ 4 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി 15.25 മെഗാവാട്ട് വൈദ്യുത ശൃംഖലയിലേയ്ക്ക് കൂടിച്ചേർത്തിട്ടുണ്ട്.

1	റാന്നി-പെരുനാട് SHEP	4 MW
2	പീച്ചി SHEP	1.25 MW
3	വിലങ്ങാട് SHEP	7.5 MW
4	ചിമ്മിനി SHEP	2.5 MW
	ആകെ	15.25 MW

കൂടാതെ പൊരിങ്ങൽക്കുത്ത് (4 മെഗാവാട്ട്), ശബരിഗിരി (5 മെഗാവാട്ട്) എന്നീ പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനംവഴി 9 മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനവും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. മറ്റ് 6 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുമുണ്ട്.

സ്വകാര്യ മേഖലയിൽ 10.5 മെഗാവാട്ട് ശേഷിയുള്ള കാരിക്കയം ജലവൈദ്യുത പദ്ധതി, 3 മെഗാവാട്ടിന്റെ മീൻവല്ലം ജലവൈദ്യുത പദ്ധതി എന്നിവ കമ്മീഷൻ ചെയ്തു. 50 കിലോവാട്ടിന്റെ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതി,

110 കിലോവാട്ടിന്റെ മാങ്കുളം മൈക്രോ ജലവൈദ്യുത പദ്ധതിയും പുതുക്കി ഗ്രിഡുമായി കണക്ട് ചെയ്തിട്ടുണ്ട്. കൂടാതെ, 53 പീക്കോ ജലവൈദ്യുത പദ്ധതികൾ (1 KW) കേന്ദ്ര പാരമ്പര്യേതര ഊർജ്ജമന്ത്രാലയത്തിന്റെ ധനസഹായത്തോടെ (CFA) കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. പുനരുദ്ധാരണ നവീകരണത്തിനുശേഷം മൂഴിയാർ പദ്ധതിയിൽ നിന്നും 5 മെഗാവാട്ടിന്റെ പൊരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിയിൽനിന്നും 4 മെഗാവാട്ടും വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കാവാലം കെ.എസ്.ഇ.ബി. സബ് ഓഫീസ്

14 (359) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാവാലം കെ.എസ്.ഇ.ബി. സബ് ഓഫീസ് നിലനിർത്തുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

കാവാലം പ്രദേശത്ത് നിലവിലുള്ള കെ.എസ്.ഇ.ബി.-യുടെ സബ് എഞ്ചിനീയർ ഓഫീസ് അവിടെത്തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സൗരഗൃഹ പദ്ധതി

15 (360) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 ബഡ്ജറ്റിൽ വിഭാവനം ചെയ്ത സൗരഗൃഹ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) നാളിതുവരെയായി എത്ര വീടുകൾക്കാണ് പ്ലാന്റ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ളത് ; ഏതെല്ലാം ഏജൻസികളെയാണ് പ്ലാന്റ് സ്ഥാപിക്കാൻ ഏൽപിച്ചതെന്ന് വിശദമാക്കാമോ ;

(സി) ഇതുവഴി എത്ര മെഗാവാട്ടിന്റെ വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് ലഭിച്ചുവെന്ന് ഓരോ സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly